## പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ നടപടിക്രമം (ഹയർസെക്കന്ററി വിഭാഗം)

## ഹൗസിംഗ് ബോർഡ് ബിൽഡിംഗ്, ശാന്തിനഗർ, തിരുവനന്തപുരം

### സംഗ്രഹം

പൊതുവിദ്യാഭ്യാസ വകുപ്പ്- ഹയർസെക്കന്ററി വിഭാഗം-ജീവനക്കാര്യം- ഹയർസെക്കന്ററി സ്കൂൾ ടീച്ചർ (ജൂനിയർ) ഇംഗ്ലീഷ് തസ്തികയിൽ ആഴ്ചയിൽ 7 മുതൽ 14 വരെ പീരീഡ് വർക്ക് ലോഡ് ഇല്ലാത്ത നിലവിൽ സൂപ്പർന്യൂമററി തസ്തികകളിൽ ജോലി ചെയ്യുന്ന അധ്യാപകരെ 1958 ലെ കേരള സ്റ്റേറ്റ് ആന്റ് സബോർഡിനേറ്റ് സർവ്വീസസ് റൂൾസ് ഭാഗം II ചട്ടം 7 പ്രകാരം പിരിച്ച് വിട്ട് (Discharged for want of vacancies) ഉത്തരവാകുന്നു.

---

**ഉത്തരവ് നമ്പർ :എഡി.ബി4/193497/2021/ഡി.ജി.ഇ** **തീയതി : 31/03/2023**

---

പരാമർശം :(1) 08/06/2017 ലെ സ.ഉ (കൈ) നം. 47/2017/പൊ.വി.വ ഉത്തരവ്.

(2) 24/09/2021 ലെ സി1/190/2021/പൊ.വി.വ സർക്കാർ കത്ത്.

(3) 21/10/2022 ലെ എഡി.ബി4/193497/2021/ഡി.ജി.ഇ നമ്പരായുള്ള കത്ത്.

(4) 01/03/2023 ലെ സ.ഉ (കൈ) നം. 22/ 2023/പൊ.വി.വ

(5) 02/03/2023 ലെ എച്ച്.എസ്.ഇ/193497/2023-എഡി.ബി4 നം നടപടിക്രമം

(6) 28/03/2023 ലെ എഡി.ബി4/152363/2020/ഡി.ജി.ഇ നമ്പർ അന്തിമ സീനിയോരിറ്റി ലിസ്റ്റ്

(7) 28/03/2023 ലെ എഡി.ബി4/236194/2022/ഡി.ജി.ഇനം നടപടിക്രമം

### ഉത്തരവ്

പൊതുവിദ്യാഭ്യാസ വകുപ്പിലെ ഹയർസെക്കന്ററി വിഭാഗത്തിൽ ഹയർസെക്കന്ററി സ്കൂൾ ടീച്ചർ ജൂനിയർ തസ്തിക സൃഷ്ടിക്കുന്നതിനുള്ള മാനദണ്ഡം ആഴ്ചയിൽ 3 മുതൽ 14 വരെ അധിക പിരീഡുകൾ എന്നത് ആഴ്ചയിൽ 7 മുതൽ 14 വരെയാക്കി പരാമർശം (1) പ്രകാരം സർക്കാർ ഉത്തരവായിരുന്നു. ആയതു പ്രകാരം തസ്തിക നിർണ്ണയം നടത്തി ഗവൺമെന്റ് ഹയർ സെക്കന്ററി സ്കൂളുകളിലെ എച്ച്.എസ്.എസ്.റ്റി ജൂനിയർ ഇംഗ്ലീഷ് അദ്ധ്യാപകരുടെ നിലവിലുള്ള എണ്ണം കണ്ടെത്തുന്നതിന് പരാമർശം (2) പ്രകാരം സർക്കാർ നിർദ്ദേശിച്ചിരുന്നു. ഇപ്രകാരം നടത്തിയ തസ്തിക നിർണ്ണയത്തിൽ സംസ്ഥാനത്ത് ആകെയുണ്ടായിരുന്ന 337 തസ്തികകളിൽ 87 തസ്തികകളിൽ മാത്രമാണ് എച്ച്.എസ്.എസ്.റ്റി ജൂനിയർ ഇംഗ്ലീഷ് അദ്ധ്യാപകർക്ക് ആവശ്യമായ ആഴ്ചയിൽ 7 മുതൽ 14 വരെ പീരീഡ് വർക്ക് ലോഡ് ഉള്ളതെന്ന് കണ്ടെത്തിയിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ നിലവിൽ എച്ച്.എസ്.എസ്.റ്റി ജൂനിയർ ഇംഗ്ലീഷ് തസ്തികയിൽ ജോലി ചെയ്തു വരുന്ന അദ്ധ്യാപകരിൽ അധികമായുള്ളവരെയും കേരള പബ്ലിക് സർവ്വീസ് കമ്മീഷനിൽ നിന്നും 20/06/2022 ലെ നിയമന ശിപാർശയിൽ നിയമനം നൽകാനുള്ള 47 ഉദ്യോഗാർത്ഥികളെയും ഇനിയും നിയമന ശിപാർശ ലഭിക്കാനുള്ള 2 നിയമന ശിപാർശകളുടെയും നിലവിൽ ശൂന്യവേതനാവധിയിലുള്ള 2 അദ്ധ്യാപകരെയും ഉൾക്കൊള്ളിക്കുന്നതിനായി എച്ച്.എസ്.എസ്.റ്റി ജൂനിയർ ഇംഗ്ലീഷിൽ സൂപ്പർ ന്യൂമററി തസ്തികകൾ സൃഷ്ടിക്കണമെന്ന് അപേക്ഷിച്ച് പൊതുവിദ്യാഭ്യാസ ഡയറക്ടർ പരാമർശം (3) പ്രകാരം സർക്കാരിലേയ്ക്ക്

കത്ത് സമർപ്പിച്ചിരുന്നു. സർക്കാർ ടി അപേക്ഷ പരിശോധിക്കുകയും പരാമർശം (4) പ്രകാരം ഹയർസെക്കന്ററി സ്കൂൾ ടീച്ചർ ജൂനിയർ ഇംഗ്ലീഷ് തസ്തികയിൽ സംസ്ഥാനത്ത് 110 സൂപ്പർ ന്യൂമററി തസ്തികകൾ സൃഷ്ടിച്ച് ഉത്തരവാകുകയും ചെയ്തിട്ടുണ്ട്.

2. മേൽപ്പറഞ്ഞ സർക്കാർ ഉത്തരവിൽ 110 എച്ച്.എസ്. എസ്. റ്റി (ജൂനിയർ) ഇംഗ്ലീഷ് തസ്തികകൾ 2022-23 അക്കാദമിക വർഷത്തേയ്ക്കാണ് സൂപ്പർന്യൂമററിയായി സൃഷ്ടിച്ചിട്ടുള്ളത്. 2022-23 അക്കാദമിക വർഷത്തിനുശേഷം റഗുലർ എച്ച്.എസ്.എസ്.റ്റി ജൂനിയർ ഇംഗ്ലീഷ് തസ്തികയിൽ ഒഴിവുകൾ ഉണ്ടാകുന്ന മുറയ്ക്ക് അധികം വരുന്ന അദ്ധ്യാപകർക്ക് പുനർ നിയമനം നൽകുന്നതിന് ടി ഉത്തരവിൽ പൊതുവിദ്യാഭ്യാസ ഡയറക്ടർക്ക് നിർദേശം നൽകിയിട്ടുണ്ട്. പരാമർശം (5) പ്രകാരം പ്രസ്തുത സൂപ്പർന്യൂമററി തസ്തികകൾ ഏതൊക്കെ സ്കൂളുകളിലാണെന്ന് പ്രഖ്യാപിച്ച് പൊതുവിദ്യാഭ്യാസ ഡയറക്ടർ ഉത്തരവായിട്ടുള്ളതാണ്. 2022-2023 അക്കാദമിക വർഷം അവസാനിക്കുന്ന 31/03/2023 AN ന് പരാമർശം (4) പ്രകാരം സർക്കാർ സൃഷ്ടിച്ച ഹയർ സെക്കന്ററി സ്കൂൾ ടീച്ചർ (ജൂനിയർ) ഇംഗ്ലീഷിന്റെ 110 സൂപ്പർന്യൂമററി തസ്തികകൾ ഇല്ലാതാകുന്നതാണ്.

3. മേൽ സാഹചര്യത്തിൽ ഹയർസെക്കന്ററി സ്കൂൾ ടീച്ചർ (ജൂനിയർ) ഇംഗ്ലീഷിന്റെ സൂപ്പർന്യൂമററി തസ്തികകളിൽ നിലവിൽ നിയമിക്കപ്പെട്ടവരായ പരാമർശം (6) പ്രകാരമുള്ള സീനിയോരിറ്റി ലിസ്റ്റിൽ ഉൾപ്പെടുന്ന താഴെപ്പറയുന്ന 66 എച്ച്.എസ്.എസ്.റ്റി (ജൂനിയർ) ഇംഗ്ലീഷ് അധ്യാപകരെയും 30/03/2023 AN ന് കാസർഗോഡ് ഉദിനൂർ ഗവൺമെന്റ് ഹയർ സെക്കന്ററി സ്കൂളിൽ എച്ച്.എസ്.എസ്.റ്റി (ജൂനിയർ) ഇംഗ്ലീഷ് ആയി ജോലിയിൽ പ്രവേശിച്ച കേരള പബ്ലിക് സർവ്വീസ് കമ്മീഷന്റെ 20/06/2022 ലെ ശിപാർശ മെമ്മോയിലെ ക്രമ നമ്പർ 17 ആയ ശ്രീ.മുഹമ്മദ് സലിം. കെ. യെയും ഉൾപ്പെടെ 67 എച്ച്.എസ്.എസ്.റ്റി (ജൂനിയർ) ഇംഗ്ലീഷ് അദ്ധ്യാപകരെ ഒഴിവുകൾ ഇല്ലാത്തതിനാൽ 1958 ലെ കേരള സ്റ്റേറ്റ് ആന്റ് സബോർഡിനേറ്റ് സർവ്വീസസ് റൂൾസ് ഭാഗം II ചട്ടം 7 (a) പ്രകാരം 31/03/2023 AN പ്രാബല്യത്തിൽ ജൂനിയോരിറ്റി ക്രമത്തിൽ പിരിച്ച് വിട്ടുകൊണ്ട് (Discharged for want of vacancies) ഇതിനാൽ ഉത്തരവ് പുറപ്പെടുവിക്കുന്നു. 31/03/2023 ന് ശേഷം വരുന്ന എച്ച്.എസ്.എസ്.റ്റി (ജൂനിയർ) ഇംഗ്ലീഷ് തസ്തികയിലെ റഗുലർ ഒഴിവുകളിൽ സീനിയോരിറ്റി ക്രമത്തിൽ [KS&SSR Part II Rule 7 (b) പ്രകാരം] മേൽപ്പറഞ്ഞ അദ്ധ്യാപകർക്ക് പുനർനിയമനം നൽകുന്നതാണ്. ടി അദ്ധ്യാപകരുടെ പേരുവിവരങ്ങൾ ജൂനിയോരിറ്റി ക്രമത്തിൽ താഴെ വിവരിക്കുന്നു.

| ക്രമ നം | പേര് | PEN | നിലവിൽ നിയമിക്കപ്പെട്ട സ്കൂൾ |
|---|---|---|---|
| 1. | ANJANA G NAIR | 949841 | 10002-GOVT HSS EAST HILL, KOZHIKODE |
| 2. | ABDUL JALEEL B | | 13036-GOVT HSS SREEPURAMMANAKADAVU PO KANNUR |
| 3. | APSARA V S | | 8037-GOVT HSS MULLASSERY, THRISSUR |
| 4. | NISHA K N | | 11123-GOVT HSS PATTIKKAD, MALAPPURAM |
| 5. | DAISMARY LORANCE | 949765 | 10026-GOVT GHSS BALUSSERI, KOZHIKODE |
| 6. | SHEEJA V K | | 13016-GOVT HSS KUNJIMANGALAM, KANNUR |

| | | | |
|---|---|---|---|
| 7. | PRADEEP P | 425149 | 13037-GOVT HSS VELLUR, KANNUR |
| 8. | JENIE ANTONY | 949965 | 14009-GOVT HSS MADIKAI, KASARAGOD |
| 9. | MUHAMMED SALIM K | | 14008 – GOVT HSS UDINUR, KASARAGOD |
| 10. | DEEPA S S | 599147 | 8017-GOVT HSS PATTIKAKD, THRISSUR |
| 11. | ANITHA ANTONY | 632473 | 7012-GOVT HSS PULIYANAM, ERNAKULAM |
| 12. | SWAPNA M | 934075 | 13019-GOVT HSS, MATTOOL,KANNUR |
| 13. | PRIYA A.P | 934046 | 13041-GOVT HSS, ARALAM, KANNUR |
| 14. | SAKKEER E K | 929367 | 10101-GOVT. HSS, KARUVAMPOYIL, KOZHIKODE |
| 15. | DIVYA P C | 928038 | 08004-GOVT HSS,KANDASSANKADAVU,THRISSUR |
| 16. | MINCY MATHEW | 927859 | 07007-GOVT HSS,MOOKKANNUR,ERNAKULAM |
| 17. | CHANDRAMBIKA S | 928741 | 02017-GOVT HSS, PANMANAMANAYIL, KOLLAM |
| 18. | SRUTHY C BABU | 927879 | 13113-KOROM GOVT. HSS, PAYYANNOOR, KANNUR |
| 19. | AMRUTHA B S | 928217 | 10107-GOVT. NGO QUARTERS HSS, KOZHIKODE |
| 20. | NISHA T P | 929738 | 11148-GOVT. HSS, PALAPPETTY, MALAPPURAM |
| 21. | SUJITHA S NAIR | 782894 | 11127-GOVT. HSS, KADUNGAPURAM, PUZHAKKATTIRI, MALAPPURAM |
| 22. | RATHI K K | 826630 | 08018-GOVT MODEL BOYS HSS,CHALAKKUDI,THRISSUR |
| 23. | SUPRIYA KOVVAL | 432997 | 14001-GOVT HSS,CHEEMENI,KASARGODE |
| 24. | SEEMA V K | 925134 | 01038-GOVT HSS, PUNNAMOODU,TRIVANDRUM |
| 25. | FEBINA T P | 925162 | 13101-GOVT. HSS, KANNADIPPARAMB, KANNUR |
| 26. | DIVYA S | 922455 | 02015-GOVT HSS, WEST KALLADA, KOLLAM |
| 27. | LASITHA PRABHAKARAN M | 925484 | 13014-GOVT HSS,THOTTADA,KANNUR |
| 28. | DEEPA P | 925086 | 13027-GOVT HSS,PATTIAM,PATTIAYAMKUNNU P O, KANNUR |
| 29. | SADANATH P | 924991 | 13018-GOVT HSS,KOTTILA,KANNUR |
| 30. | JALEEHA K | 925456 | 13005-GOVT VHSS,KALLIASSERY,KANNUR |
| 31. | RENJU REGHUNATH | 925601 | 06004-GOVT HSS,KUMILI,IDUKKI |
| 32. | SIMI S S BHANU | 925525 | 13039-GOVT HSS, VADAKKUMPAD, KANNUR |
| 33. | SHEEBA K | 926076 | 11151-GOVT. HSS, ERANHIMANGAD, MALAPPURAM |
| 34. | ROSHMA THAZNEEM A.R | 925915 | 10115-NEDUVANNUR GOVT. HSS, NEDUVANNUR, KOZHIKODE |
| 35. | ASWATHY KRISHNAN | 925656 | 09030-GHSS, KADAMBUR, PALAKKAD |
| 36. | JIMIN S MATHEW | 926867 | 13029-AKSGHSS,MALAPPATTOM,KANNUR |

| | | | |
|---|---|---|---|
| 37. | SOJA J KAMBAKKARAN | 925006 | 10096-GOVT. FISHERIES HSS, MADAPPALLY, KOZHIKODE |
| 38. | MITHRA R NAIR | 925295 | 10011-GOVT HSS,KAYANNA,KOZHIKKODE |
| 39. | NASRUDHEEN N | 922541 | 11128-GOVT. SEETHI HAJI MEMORIAL HSS, EDAVANNA, MALAPPURAM |
| 40. | SHIJO CHACKO | 924988 | 13007-GOVT HSS,MANATHANA,KANNUR |
| 41. | JAYASREE P D | 925485 | 07011-GOVT BOYS HSS,PERUMBAVOOR,ERNAKULAM |
| 42. | AMALA J R | 924948 | 10108-GOVT. VHSS, ATHOLI, KOZHIKODE |
| 43. | SUJITHA R | 923465 | 11141-GOVT. VHSS, ARIMBRA, MALAPPURAM |
| 44. | DHANYASREE P | 922410 | 06003-GOVT HSS,KALLAR,IDUKKI |
| 45. | LATHEEP P | 796740 | **On Deputation** |
| 46. | VIJAYASREE L | 921351 | 10024-GOVT HSS,KALLACHI,KOZHIKKODE |
| 47. | SRUTHY P R | 915491 | 10029-GOVT HSS,ORKATTERI,KOZHIKKODE |
| 48. | MEERA P U | 857956 | 13010-GOVT HSS,PALAYAD,KANNUR |
| 49. | SAJNA S H | 915493 | 10111-GOVT. FISHERIES HSS, PUTHIYAPPA, ELANTHOOR, KOZHIKODE |
| 50. | CINJU JOSE | 916663 | 10099-GOVT. HSS, NARIKUNI, KOZHIKODE |
| 51. | JINCY THOMAS | 915409 | 10013-GOVT SANSKRIT HSS,MEPPAYIL,VADAKARA |
| 52. | RAJI R | 915486 | 10014-GOVT HSS,VALAYAM,KOZHIKKODE |
| 53. | LAKSHMI R NAIR | 890334 | 10030-GOVT HSS,VELLIYODE,KOZHIKKODE |
| 54. | SANDHYA LAKSHMANAN | 916069 | 13031-GOVT HSS,CHELLORA,KANNUR |
| 55. | SUJATHA R MENON | 916245 | 11033-GOVT HSS,KADANCHERY,MALAPPURAM |
| 56. | ASWANI A K | 916083 | 14017-GOVT HSS, UDUMA, KASARGODE |
| 57. | FIDA P | 916106 | 11131-GOVT. VHSS, KIZHUPARAMBA, MALAPPURAM |
| 58. | MOHAMMED IQBAL C | 625979 | 11012-GOVT HSS, KOKKUR, MALAPPURAM |
| 59. | ABDUL BASITH N K | 855565 | 10008-GOVT VHSS,MADAPPALLI,KOZHIKKODE |
| 60. | SHAFEEKH REHMAN V | 827482 | 09078-GOVT. HSS, ALANNALLOOR, PALAKKAD |
| 61. | NARMADA K V | 545038 | 08001-GOVT SMT HSS,CHELAKKARA,THRISSUR |
| 62. | NIKHILA K | 916385 | 13002-GOVT HSS,CHUNDANGA POIL,KANNUR |
| 63. | DEVI. L. BABU | 915331 | 10113-GOVT. HSS, AVALA, KUTTOTH, KOZHIKODE |
| 64. | NAJIYA C | 915477 | 11034-GOVT HSS,KUTTIPURAM,MALAPPURAM |
| 65. | RESMI THOMAS | 915737 | 09024-GOVT. VICTORIA GHSS , CHITTOOR, PALAKKAD |

| | | | |
|---|---|---|---|
| 66. | GARGI A | 915623 | 10098-GOVT. VHSS, KUTTICHIRA, KOZHIKODE |
| 67. | RASHIDA V K | 916087 | 11133-GOVT. VHSS, PULLANNOOR, VALLUVAMBRAM, MALAPPURAM |

4. മേൽപ്പട്ടികയിലെ ക്രമ നമ്പർ 1, 5, 6, 7, 8 എന്നീ അധ്യാപകരെ 31/03/2023 AN മുതൽ പിരിച്ചുവിടുന്നുവെങ്കിലും അവരുടെ പിരിച്ചുവിടൽ OA (EKM) 466/2023 ലെ ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ അന്തിമ വിധിക്ക് വിധേയമായിരിക്കും. ബന്ധപ്പെട്ട പ്രിൻസിപ്പൽമാർ മേൽ പറഞ്ഞ അധ്യാപകരെ 31/03/2023 AN മുതൽ പിരിച്ചുവിട്ട വിവരം **transferadb4@gmail.com** എന്ന ഇ-മെയിൽ വിലാസത്തിൽ അയച്ചു തരേണ്ടതും വകുപ്പിന്റെ വെബ് സൈറ്റിലും **(www.dhsetransfer.kerala.gov.in)** ടിയാളുകളുടെ സേവന പുസ്തകത്തിലും വേണ്ട രേഖപ്പെടുത്തലുകൾ വരുത്തേണ്ടതാണ്.

**പൊതുവിദ്യാഭ്യാസ ഡയറക്ടർ**

പകർപ്പ് :

1. ബന്ധപ്പെട്ട വ്യക്തികൾക്ക്
2. ബന്ധപ്പെട്ട പ്രിൻസിപ്പൽമാർക്ക്
3. സി.എ ടു പ്രിൻസിപ്പൽ സെക്രട്ടറി
4. ഡി.എച്ച്.എസ്.ഇ പോർട്ടൽ പ്രസിദ്ധീകരണത്തിന്
5. ബന്ധപ്പെട്ട ആർ.ഡി.ഡി (എച്ച്.എസ്.ഇ)
6. ബന്ധപ്പെട്ട ഡി.റ്റി.ഒ/എസ്.റ്റി.ഒ
7. ജില്ലാ പ്രോജക്ട് ഓഫീസർ, കണ്ണൂർ
8. കരുതൽ ഫയൽ /അധികം